"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അദാലത്ത് പട്ടിക 32, 33, 34, 44, 53, 57-ൽ ഉൾപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിയ്ക്കുന്നതിന് അനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.12/2024/F&P   തീയതി,തിരുവനന്തപുരം, 10-01-2024

---

പരാമർശം:- 1. 20.12.2023 തിയതിയിലെ സ.ഉ.(സാധാ) നം.1014/2023/F&P

2. ഫിഷറീസ് ഡയറക്ടറുടെ 29.12.2023-ലെ DFTVM/208/2020-N3 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അദാലത്ത് പട്ടിക 32, 33, 34, 44, 45, 47, 53, 57 ൽ ഉൾപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത 80 ഗുണഭോക്താക്കൾക്ക് 54,42,710/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2405-00-800-21-34 ഒ.സി (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും കടാശ്വാസം അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അദാലത്ത് പട്ടിക 32, 33, 34, 44, 45, 47, 53 ൽ ഉൾപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത 79 ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് 54,26,455/- രൂപ സഹകരണ സംഘം രജിസ്ട്രാറിനും, അദാലത്ത് പട്ടിക 57 ൽ ഉൾപ്പെട്ട മത്സ്യഫെഡിന് കീഴിലുള്ള സംഘങ്ങളിൽ നിന്നും വായ്പ എടുത്ത 1 ഗുണഭോക്താവിന് കടാശ്വാസം അനുവദിക്കുന്നതിന് 16,255/- രൂപ മത്സ്യഫെഡ് മാനേജിങ് ഡയറക്ടർക്കും അനുവദിക്കുന്നതിനായി ആകെ 54,42,710/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2405-00- 800-21-34 ഒ.സി (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശ (1) പ്രകാരമുള്ള ഉത്തരവ് ഭേദഗതി വരുത്തണമെന്ന് പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഫിഷറീസ് ഡയറക്ടറുടെ അപേക്ഷ പരിഗണിച്ച്, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അദാലത്ത് പട്ടിക 32, 33, 34, 44, 45, 47, 53 ൽ ഉൾപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത 79 ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് 54,26,455/- രൂപ സഹകരണ സംഘം

രജിസ്ട്രാറിനും, അദാലത്ത് പട്ടിക 57 ൽ ഉൾപ്പെട്ട മത്സ്യഫെഡിന് കീഴിലുള്ള സംഘങ്ങളിൽ നിന്നും വായ്പ എടുത്ത 1 ഗുണഭോക്താവിന് കടാശ്വാസം അനുവദിക്കുന്നതിന് 16,255/- രൂപ മത്സ്യഫെഡ് മാനേജിങ് ഡയറക്ടർക്കും അനുവദിക്കുന്നതിനായി ആകെ 54,42,710/- രൂപ (ആകെ അൻപത്തിനാല് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എഴുന്നൂറ്റി പത്ത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2405-00- 800-21-34 ഒ.സി (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SIVADAS B
അണ്ടർ സെക്രട്ടറി

പകർപ്പ് :-
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (vide UO No. 2560670/WCD-2/290/2023-Fin dated 12.12.2023)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
(വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ